"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിനെയും, ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിനെയും അതത് ബോർഡുകളുടെ പ്രവർത്തനങ്ങളുടെയടിസ്ഥാനത്തിൽ വിവിധ ക്ലാസ്സുകളായി തരംതിരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.185/2025/SJD തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:- 1. 22.09.2015-ലെ സ. ഉ. (എം.എസ്) നമ്പർ. 61/2015/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്

2. സാമൂഹ്യനീതി ഡയറക്ടറുടെ 13.05.2024-ലെ എസ്.ജെ.ഡി./2991/2024-സി.2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് ടാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി പരാമർശം 1-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിലെ 6 അനൗദ്യോഗികാംഗങ്ങൾക്ക് യാത്രാബത്തയും സിറ്റിംഗ് ഫീസും അനുവദിക്കുന്നതിന് അനുമതിനൽകണമെന്നും, സംസ്ഥാനതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിലെ അനൗദ്യോഗികാംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് സാമൂഹ്യനീതി ഡയറക്ടറെയും, ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റിയിലെ അനൗദ്യോഗികാംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാസാമൂഹ്യനീതി ഓഫീസറെയും അധികാരപ്പെടുത്തി അനുമതിനൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ പരാമർശം 2-പ്രകാരം സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ട്രാൻസ്ജെന്റർ പോളിസിയിൽ നിഷ്കർഷിക്കുംപ്രകാരം രൂപംനൽകിയ സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിനെ ക്ലാസ്-1 ആയും, ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിനെ ക്ലാസ്-2 ആയും കേരള സർവ്വീസ് റൂൾസ് ഭാഗം-II ചട്ടം 111, ഉപചട്ടങ്ങൾ (ii),(iii) എന്നിവയിൽ നിഷ്കർഷിക്കുംപ്രകാരം തരംതിരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ബോർഡിലെ അംഗങ്ങളുടെ യാത്രാബത്ത ധനകാര്യവകുപ്പ് മുൻപ് ഇത്തരത്തിൽ തരംതിരിച്ചിട്ടുള്ള ബോർഡുകൾക്കായി പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്. കൂടാതെ, സംസ്ഥാനതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിലെയും, ജില്ലാതല ജസ്റ്റിസ് കമ്മിറ്റിയിലെയും അനൗദ്യോഗികാംഗങ്ങൾക്ക് യഥാക്രമം 1000/- രൂപ, 500/- രൂപ എന്നിങ്ങനെ പ്രതിമാസം പരമാവധി ഒന്ന് എന്നരീതിയിൽ സിറ്റിംഗ് ഫീസും അനുവദിക്കാവുന്നതുമാണ്.

3. കൂടാതെ, സംസ്ഥാനതല ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡിലെ അനൗദ്യോഗികാംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് സാമൂഹ്യനീതി ഡയറക്ടറെയും, ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റിയിലെ അനൗദ്യോഗികാംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാസാമൂഹ്യനീതി ഓഫീസറെയും അധികാരപ്പെടുത്തുന്നു.

4. മേൽപ്പറഞ്ഞ പ്രകാരമുള്ള തുടർനടപടികൾ സാമൂഹ്യനീതി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്, എ & ഇ) കേരളം,
തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 05-07-2025 09:28:07
സെക്ഷൻ ഓഫീസർ